പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3759 11.12.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി പെരിന്തൽമണ്ണ സർക്കിളിന്റെ ശോചനീയാവസ്ഥ

ചോദ്യം

ശ്രീ.മഞ്ഞളാംകുഴി അലി

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ആർ.ടി.സി പെരിന്തൽമണ്ണ സർക്കിളിനു കീഴിൽ എത്ര സർവ്വീസുകൾ കുറച്ചിട്ടുണ്ട്; നിലവിൽ എത്ര റഗുലർ സർവ്വീസുകൾ നടത്തുന്നുണ്ട്; | (എ) യും (ബി) യും | സർവ്വീസുകൾ ഒന്നും വെട്ടിക്കുറച്ചിട്ടില്ല. 40 ആർ.ടി.സി.യും, 2 ജൻറം സർവ്വീസുകളും നടത്തുന്നുണ്ട്. |
| (ബി) | സർവ്വീസുകൾ വെട്ടിക്കുറച്ചത് കാരണം യാത്രക്കാർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വെട്ടിക്കുറച്ച ഏതെല്ലാം സർവ്വീസുകളാണ് പുനഃസ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ; | | |
| (സി) | ഈ സർക്കിളിനു കീഴിൽ ആകെ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; തസ്തിക തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; ഈ സർക്കാർ വന്ന ശേഷം തസ്തികകൾ ഏതെങ്കിലും കുറവ് ചെയ്തിട്ടുണ്ടോ; നിലവിൽ എത്ര തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ട്; ജീവനക്കാരുടെ അഭാവം സർക്കിളിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണു | (സി) | പെരിന്തൽമണ്ണ യൂണിറ്റിൽ ആകെ 271 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. തസ്തിക തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.<br>ഡ്രൈവർ - 83+22(താൽക്കാലികം)<br>കണ്ടക്ടർ - 60+36(താൽക്കാലികം)<br>സൂപ്രണ്ട് - 2<br>അസിസ്റ്റന്റ് - 13<br>ടൈപ്പിസ്റ്റ് - 1<br>അസിസ്റ്റന്റ് സാർജന്റ് - 1<br>ഗാർഡ് - 2<br>ഇൻസ്പെക്ടർ - 4<br>സ്റ്റേഷൻ മാസ്റ്റർ - 4 |

| | | | |
|---|---|---|---|
| | ന്നുണ്ടോ; എങ്കിൽ ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; | | അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനീയർ - 1<br>മെക്കാനിക്ക് - 30<br>ബ്ലാക്ക്സ്മിത്ത് - 3<br>കോച്ച് ബിൽഡർ - 1<br>പെയിന്റർ - 1<br>അപ്ഹോൾസ്റ്റർ -1<br>ടയർ ഇൻസ്പെക്ടർ - 1<br>പമ്പ് ഓപ്പറേറ്റർ - 1<br>വെഹിക്കിൾ സൂപ്പർവൈസർ - 1<br>സ്റ്റോർ അസിസ്റ്റന്റ് - 1<br>സ്റ്റോർ ഇഷ്യൂവർ - 1<br>ഗ്യാരേജ് മസ്ദൂർ - 1<br>നിലവിൽ എല്ലാ വിഭാഗം ജീവനക്കാരുടെയും എണ്ണം ദേശീയ ശരാശരിയേക്കാൾ അധികമാണ്. ആയതിനാൽ തസ്തികകൾ ഒന്നും തന്നെ ഒഴിഞ്ഞു കിടക്കുന്നില്ല. |
| (ഡി) | സർവ്വീസുകൾ വെട്ടിക്കുറച്ചതുകാരണവും മതിയായ ജീവനക്കാരില്ലാത്തത് കാരണവുമുള്ള പെരിന്തൽമണ്ണ സർക്കിളിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | സർവ്വീസ്സുകൾ ഒന്നും വെട്ടികുറച്ചിട്ടില്ല. സർവ്വീസ് ഓപ്പറേഷന് ആവശ്യമായ ജീവനക്കാരുടെ കുറവില്ല. |

സെക്ഷൻ ഓഫീസർ